**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2060** **14-10-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കുറ്റ്യാടി കേന്ദ്രീകരിച്ച് നടന്ന ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ് കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; ഈ തട്ടിപ്പിനിരയായവർക്ക് നീതി ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (എ) | കുറ്റ്യാടി കേന്ദ്രീകരിച്ച് നടന്ന ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പുമായി ബന്ധപ്പെട്ട് കോഴിക്കോട് റൂറൽ പോലീസ് ജില്ലയിലെ നാദാപുരം, കുറ്റ്യാടി, പയ്യോളി എന്നീ പോലീസ് സ്റ്റേഷനുകളിലായി 19 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ( നാദാപുരം-7, കുറ്റ്യാടി-7, പയ്യോളി-5). നാദാപുരം, കുറ്റാടി പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ അന്വേഷണം നടത്തി ബഹു. നാദാപുരം ജെ.എഫ്.സി.എം.-ൽ കുറ്റപത്രം നൽകിയിട്ടുണ്ട്. പ്രസ്തുത കേസുകളിൽ ബഡ്സ് ആക്ട് പ്രകാരം തുടരന്വേഷണം നടത്തുന്നതിനുള്ള റിപ്പോർട്ട് ബഹു.കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പയ്യോളി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ അന്വേഷണം നടന്നുവരുന്നതും, ബഡ്സ് ആക്ട് ചേർത്തിട്ടുള്ള പ്രസ്തുത കേസുകളിൽ പ്രതികളുടെ സ്വത്ത് കണ്ടുകെട്ടുന്നതിന് ബഹു.കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ